



# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

സഭാ പ്രതിനിധി മണ്ഡലം-2019-2020 & 2020-2021 സൂം വെബിനാറിലൂടെ ഭംഗിയായി പര്യവസാനിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. സാങ്കേതിക വിദ്യയുടെ സഹായത്തോടെ യാതൊരു വിഘ്നവും കൂടാതെ 1400-ലധികം വരുന്ന മണ്ഡലാംഗങ്ങളെ ഉൾക്കൊള്ളിക്കത്തക്കവിധം വിശാലമായ സംവിധാനം ഒരുക്കുവാൻ ദൈവം കൃപ ചെയ്തു. കൂടുതൽ ആളുകളുടെ പങ്കാളിത്തം, സഹകരണം എന്നിവയാൽ ഈ മണ്ഡലയോഗങ്ങൾ എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. അംഗങ്ങളുടെ സാന്നിധ്യത്തിൽ നടത്തപ്പെടേണ്ട യോഗങ്ങൾ ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെ ക്രമീകരിച്ചതിന്റെ വ്യത്യസ്ഥതകൾ ധാരാളം ഉണ്ട് എന്നത് നാം ഏവരും തിരിച്ചറിയണം. ആഗ്രഹിച്ച എല്ലാവർക്കും ചർച്ചയിൽ പങ്കെടുക്കാനായില്ല. ഒരേ സമയം വളരെയധികം അംഗങ്ങൾ കൈ ഉയർത്തുമ്പോൾ അവരെ തിരിച്ചറിഞ്ഞ് ചർച്ചയിൽ പങ്കെടുപ്പിക്കുക എന്ന ദൗത്യം നിർവഹിക്കുവാൻ ഏറെ ശ്രമിച്ചു. ഒരു ഭരണ പ്രതിസന്ധി ഉണ്ടാകാതെ മുമ്പോട്ടു പോകുക എന്ന ഉദ്ദേശ്യത്തിലാണ് ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ച് മണ്ഡലം കൂടാൻ തീരുമാനിച്ചത്. ഇതിനോടൊപ്പം പുതിയ ഭാരവാഹികളുടെയും വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെയും തെരഞ്ഞെടുപ്പും നടത്തേണ്ടിയിരുന്നു. അനേകർ പ്രാർത്ഥനയും, ആലോചനയും, അധ്വാനവും, സഹകരണവും നല്കിയതുകൊണ്ടാണ് എല്ലാം ഭംഗിയായി പൂർത്തീകരിക്കുവാൻ ഇടയായത്. എല്ലാവരോടുമുള്ള അകമഴിഞ്ഞ നന്ദി അറിയിക്കുന്നു.

കഴിഞ്ഞ 4 വർഷക്കാലം സഭയുടെ ഔദ്യോഗിക ചുമതലക്കാരായി നേതൃത്വം നല്കിയ സഭാ സെക്രട്ടറി റവ. കെ. ജി. ജോസഫ്, വൈദിക ട്രസ്റ്റി റവ. തോമസ് സി. അലക്സാണ്ടർ, അത്മായ ട്രസ്റ്റി & ട്രഷറാർ ശ്രീ. പി. പി. അച്ചൻകുഞ്ഞ് എന്നിവരുടെയും, സഭാ കൗൺസിലിന്റെയും വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെയും, നിസ്തുല സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. വളരെ സംഭവ ബഹുലമായ ഒരു കാലഘട്ടത്തിൽ സഭയുടെ ശുശ്രൂഷകൾ സംഗതമായി നിർവഹിച്ച പ്രീയപ്പെട്ടവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. പുതുതായി ചുമതലാ സ്ഥാനത്തേക്ക് പ്രവേശിച്ചിരിക്കുന്ന സഭാ സെക്രട്ടറി റവ. സി. വി. സൈമൺ, വൈദിക ട്രസ്റ്റി റവ. മോൻസി കെ. ഫിലിപ്പ്, അത്മായ ട്രസ്റ്റി & ട്രഷറാർ ശ്രീ. രാജൻ ജേക്കബ് എന്നീ ഔദ്യോഗിക ഭാരവാഹികൾക്കും, സഭാ കൗൺസിൽ അംഗങ്ങൾക്കും, വൈദിക സെലക്ഷൻ കമ്മറ്റിക്കും, എല്ലാം ഭാവുകങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

സഭ ഒരു തീർത്ഥാടക സമൂഹം എന്ന് പറയുമ്പോൾ തന്നെ സഭയ്ക്ക് ചില വ്യവസ്ഥാപിത സ്വഭാവങ്ങൾ ഉണ്ട് എന്ന് നാം തിരിച്ചറിയണം. സഭയുടെ വ്യവസ്ഥാപിത ഭാവങ്ങൾ സഭയുടെ സാക്ഷ്യത്തിനും ക്രിയാത്മകമായ സാമൂഹിക ഇടപെടലുകൾക്കും മുഖാന്തിരമാകണം. എന്നാൽ സഭയുടെ വ്യവസ്ഥാപിത ഭാവങ്ങളെ പൂർണ്ണമായും നിരാകരിച്ച് മുമ്പോട്ട് പോകാനാവില്ല എന്ന സത്യം നാം മനസ്സിലാക്കുകയും വേണം. ഒന്നുമില്ലായ്മയിൽ ആരംഭിച്ച നമ്മുടെ സഭ രൂപപ്പെടുത്തിയ നല്ല സംരംഭങ്ങൾക്ക് നേതൃത്വം കൊടുത്ത എല്ലാവരെയും ഇത്തരുണത്തിൽ ഓർക്കുന്നു. സഭയുടെ നേതൃത്വം ഒരു തുടർച്ചയാണ്. അതിലെ ചില കണ്ണികൾ മാത്രമാണ് നാം എല്ലാവരും. 'പൗലോസ് നട്ടു. അപ്പല്ലോസ് നനച്ചു. ദൈവം അത്രെ വളരുമാറാക്കിയത്' എന്ന വാക്യം പ്രസക്തമാണ്. കഴിഞ്ഞ കാലങ്ങളിൽ സഭയ്ക്ക് നേതൃത്വം കൊടുത്ത അഭിവന്ദ്യ മെത്രാപ്പോലീത്താമാരെയും മറ്റ് തിരുമേനിമാരെയും കശ്ശീശാമാരെയും സുവിശേഷകരെയും അത്മായ നേതാക്കളെയും സ്മരിക്കുമ്പോൾ അവരുടെ നല്ല ദർശനങ്ങളെ പൂർത്തീകരിക്കേണ്ട ദൗത്യവും നമുക്കുണ്ട് എന്ന് നാം തിരിച്ചറിയണം. അനുഗ്രഹീതനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ കാലം ചെയ്തിട്ട് ഒരു വർഷമായി. തിരുമേനിയുടെ പേരിലുള്ള ഒന്നാമത് സ്മാരക പ്രഭാഷണം ഒക്ടോബർ 17-നു ഞായറാഴ്ച നടത്തപ്പെട്ടു. തിരുമേനിയുടെ ഉറ്റ സുഹൃത്തും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറുമായ ഡോ. സിറിയക് തോമസ് പ്രഭാഷണത്തിന് നേതൃത്വം നല്കി. ലോകത്തിനു ദൈവം നൽകിയ ഒരു അനുഗ്രഹമായിരുന്നു ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ എന്ന് ഡോ. സിറിയക് തോമസ് അനുസ്മരിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ പുതിയ കാതോലിക്കാ ബാവായായി അഭിവന്ദ്യ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ തിരുമേനി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. ബാവാ സഭകളുടെ ഐക്യത്തിനും സമാധാനത്തിനും മുൻഗണന നൽകുന്ന ഒരു പ്രവർത്തന ശൈലിയാണ് അവലംബിക്കുന്നത്. ഒക്ടോബർ 15-ന് പരുമലയിൽ നടന്ന സ്ഥാനാരോഹണ ശുശ്രൂഷയിലും അനുമോദന സമ്മേളനത്തിലും നമ്മുടെ സഭയെ പ്രതിനിധീകരിച്ച് അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രോപ്പോലീത്താ സംബന്ധിച്ചു. ഒക്ടോബർ 20-ാം തീയതി വൈകിട്ട് ബാവാ തിരുമേനിക്ക് തിരുവല്ല പൂലാത്തീനിൽ നമ്മുടെ സിനഡംഗങ്ങളോടും, തിരുവല്ലായിലുള്ള സഹോദരി സഭാ മേലധ്യക്ഷന്മാരോടും കൂടെ ഒരു സൗഹൃദകൂട്ടായ്മ ക്രമീകരിക്കുന്ന

തിനിടയായി. പുതിയ കാതോലിക്കാ ബാവായ്ക്ക് മലങ്കര മാർത്തോമ്മാ സഭയുടെ നാമത്തിലുള്ള അനുമോദനങ്ങൾ അറിയിക്കുന്നു;

ഒക്ടോബർ മധ്യത്തിൽ കേരളത്തിലുണ്ടായ പ്രളയം സംസ്ഥാനത്തെ വളരെ കഷ്ടത്തിലാക്കി. ഇടുക്കി, കോട്ടയം ജില്ലകളിൽ അപ്രതീക്ഷിതമായെത്തിയ അതിതീവ്രമഴ, മിന്നൽ പ്രളയത്തിനും ഉരുൾപൊട്ടലിനും കാരണമായി. തുലാവർഷത്തിന്റെ ആരംഭത്തിൽ അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും ചുഴലിക്കാറ്റുകളുടെ എണ്ണം കൂടുന്നത് ദുരന്തസാധ്യത വർധിപ്പിച്ചു. പ്രളയം കനത്ത കൃഷി നാശമാണ് വിതച്ചത്. പേമാരി തളർത്തിക്കളഞ്ഞ കർഷകർക്ക് കടക്കെണി മറ്റൊരു പ്രതിസന്ധിയാണ്. പ്രളയവും ഇതര പ്രകൃതിക്ഷോഭങ്ങളും നിരന്തരം ഉണ്ടാകുന്ന പ്രതിഭാസങ്ങളായി മനസ്സിലാക്കി അധികൃതർ വേണ്ട മുൻകരുതൽ സ്വീകരിക്കേണ്ടിയിരിക്കുന്നു. രക്ഷാപ്രവർത്തനങ്ങളിലുണ്ടായ പൊതു സഹകരണം അഭിനന്ദനാർഹമാണ്. ദുരന്തത്തിനിരയായവരെ ചേർത്ത് പിടിക്കുവാൻ നമുക്ക് സാധിക്കണം. കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ അടിയന്തര ഇടപെടലുകൾ സർക്കാർ ഭാഗത്ത് നിന്ന് ഉണ്ടാകണം. തുടർപ്രളയങ്ങൾ നല്കുന്ന പാഠങ്ങൾ അതിജീവനത്തിനുള്ള കരുത്ത് വർധിപ്പിക്കണം. മലയോര മേഖലകളിലെ പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരം ആവശ്യമായതിനാൽ ക്രൈസ്തവ സഭകളും ഇതര സന്നദ്ധസംഘടനകളും സർക്കാരിനോടൊത്തു ചേർന്ന് പ്രവർത്തിക്കുന്നത് ഉത്തമമാണ്.

നിർബന്ധിത മതപരിവർത്തനത്തെക്കുറിച്ചുള്ള വിവരം ലഭിക്കാനെന്ന പേരിൽ കർണാടകയിലും മറ്റും ക്രിസ്ത്യൻ പള്ളികളിലും മിഷൻ ഫീൽഡുകളിലും സർവേ നടത്തുവാൻ സർക്കാർ ശ്രമിക്കുന്നു. മതമൗലീക വാദവും തീവ്രവാദവും തമ്മിലുള്ള വേർതിരിവിന്റെ അതിരുകൾ നേർത്തുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മത മൗലികവാദം ഏതു മതത്തിനുള്ളിലൂടെ രൂപപ്പെട്ടാലും അത് തെറ്റാണെന്ന് തിരിച്ചറിയുന്നിടത്തുമാത്രമെ ഇത്തരം പ്രവണതകളെ പ്രതിരോധിക്കാനാകു. ലോകം അധിവാസയോഗ്യമാക്കുക എന്നതാണ് നമ്മുടെ ദൗത്യമെന്നു നാം മനസ്സിലാക്കണം. ഇത്തരം തീവ്രവാദങ്ങളെ പ്രതിരോധിക്കുവാൻ ഗവൺമെന്റുകളും മത സമൂഹങ്ങളും തയ്യാറാകുന്നിടത്ത് മാത്രമെ ജീവനെ പരിപോക്ഷിപ്പിക്കുന്ന ഒരു സംസ്കാരം നിർമ്മിച്ചെടുക്കുവാനാവൂ. വൈവിധ്യമാണ് ഇന്ത്യയുടെ ശക്തി എന്ന് തിരിച്ചറിഞ്ഞ് വ്യത്യസ്ഥതകളെ ഉൾക്കൊള്ളുന്ന ഒരു സമൂഹ നിർമ്മിതിക്കായി നമുക്ക് ശ്രമിക്കാം.

മനുഷ്യ മനഃസാക്ഷിയെ പിടിച്ചു കുലുക്കുന്ന കുറ്റകൃത്യങ്ങൾ ഒന്നിന് പുറമെ ഒന്നായി സംഭവിക്കുമ്പോൾ ഒരു സമൂഹമെന്ന നിലയിൽ നമ്മുടെ ആത്മീക, മാനസിക നിലവാരങ്ങൾ അപകടകരമായ ഒരു തലത്തിലെത്തിയിരിക്കുന്നു എന്ന് തോന്നിപ്പോകും. പ്രണയം മനുഷ്യരുടെ ഒരു ഉദാത്തമായ വികാരമാണെങ്കിലും ഏറെ മാരകമായി വഴിമാറുന്ന സംഭവങ്ങളാണ് തുടർച്ചയായി നാം അറിയുന്നത്. പാലാ സെന്റ് തോമസ് കോളജിൽ നിഥിന കൊല്ലപ്പെട്ടത് നമ്മെ എല്ലാവരെയും ഞെട്ടിച്ച ഒരു സംഭവമാണ്. രോഗിയായ ഒരു മാതാവാണ് ഈ സംഭവം മൂലം അനാഥയായത്. കൊടും ക്രൂരതയുടെ മധ്യത്തിലും, മറ്റുള്ളവർ പകച്ചു നിൽക്കുമ്പോഴും, തളർന്നു പോയവരെ ചേർത്തു നിർത്തുവാൻ മുന്നോട്ടിറങ്ങുന്നവർ ഉണ്ടെന്നത് ഏറെ ആശ്വാസകരമാണ്. നിഥിനയുടെ ശവസംസ്കാര വേളയിൽ മാതാവ് ബിന്ദുവിനെ മണിക്കൂറുകളോളം ചേർത്തു പിടിച്ചു ധൈര്യപ്പെടുത്തിയ കോട്ടയം മെഡിക്കൽ കോളേജിലെ ഡോക്ടർ സൂ ആൻ സഖറിയാ, കോട്ടയം സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗമാണ് എന്നത് നമുക്കേവർക്കും അഭിമാനകരമാണ്.

സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മാ സഭകളുടെ ഐക്യ ആഘോഷ ദിനമായി നവംബർ മാസം 14 വേർതിരിക്കപ്പെട്ടിരിക്കുന്നു. ദൗത്യ മേഖലകളിലെ പൊതു സാക്ഷ്യവും, നീതി, സമാധാനം എന്നീ മൂല്യങ്ങളിൽ ഉറച്ചുനിന്ന് വിവിധ വിഷയങ്ങളോടുള്ള സഭകളുടെ പൊതു പ്രതികരണങ്ങളുമായിരുന്നു ഈ ഐക്യ വേദിയുടെ തുടക്കത്തിലെ പ്രധാന ഉദ്ദേശ്യങ്ങൾ. പൗരസ്ത്യ പാരമ്പര്യങ്ങളിൽ നിലനിൽക്കുന്ന മാർത്തോമ്മാ സഭയും, പാശ്ചാത്യ, ആംഗ്ലിക്കൻ പാരമ്പര്യങ്ങളിൽ വേരുറച്ച സഭകളുടെ കൂട്ടായ്മകളായ സി.എസ്.ഐ., സി.എൻ.ഐ. സഭകളും തമ്മിലുള്ള ഐക്യത്തിലൂടെ ഒരു സഭ രൂപീകരിക്കുക എന്നതിനപ്പുറം, വ്യത്യസ്തതകൾ സൂക്ഷിക്കുമ്പോൾ തന്നെ ദൗത്യ നിർവഹണത്തിൽ എങ്ങനെയൊക്കെ സഹകരിക്കാം എന്നതായിരുന്നു പ്രധാന ഊന്നൽ. 'കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യ' എന്ന പേര് സ്വീകരിച്ചതിലൂടെ കൂദാശകളിലെ സഹകരണം ഉറപ്പാക്കി എങ്കിലും ദൗത്യ നിർവഹണത്തിൽ കാലികമായ അന്വേഷണങ്ങൾ ഇനിയും തുടരേണ്ടിയിരിക്കുന്നു. ഐക്യദിനത്തിൽ പുൾപ്പിറ്റ് എക്സ്ചേഞ്ചുകൾ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. ഇന്ത്യ പോലെ ഏറെ വൈവിധ്യങ്ങളുള്ള ഒരു രാജ്യത്ത് ക്രൈസ്തവ സഭകളും വ്യത്യസ്തതകളെ ഉൾക്കൊള്ളാൻ പ്രാപ്തരാകണം എന്ന ചിന്ത നമ്മെ ഭരിക്കട്ടെ.

പരേതനായ അനൂപ് മാത്യു അച്ചന്റെ കുടുംബത്തിന് ആവശ്യമായ കൈത്താങ്ങൾ സഭയായി നിർവഹിക്കണമെന്ന ആവശ്യം പരിഗണിച്ച് ഫണ്ട് സമാഹരിക്കുകയും കുഞ്ഞുങ്ങളുടെ ഭാവിക്കായി ഒരു കരുതൽ മൂലധനം സ്ഥിരനിക്ഷേപമായി രൂപീകരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. വിവിധയിടങ്ങളിൽ നിന്നും, വിശേഷാൽ മുംബൈ, നോർത്ത് അമേരിക്ക ആന്റ് യൂറോപ്പ് എന്നീ ഭദ്രാസനങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സഹകരണത്തിന് സന്തോഷവും നന്ദിയും അറിയിക്കുന്നു. അച്ചന്റെ സഹധർമ്മിണി ശ്രീമതി ബ്ലസ്സി മാത്യു മധ്യപ്രദേശിലുള്ള നമ്മുടെ സത്ന സ്കൂളിൽ അധ്യാപികയായി ജോലിയിൽ പ്രവേശിക്കുന്നതിനും കുഞ്ഞുങ്ങളോടൊപ്പം ക്യാമ്പസിൽ താമസിച്ച് പ്രവർത്തിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ സഭയായി നിർവഹിക്കുന്നതിനും ഇടയായി.

എറണാകുളം ശാലേം മാർത്തോമ്മാ ഇടവകാംഗവും, കേരള ഹൈക്കോടതി സീനിയർ അഭിഭാഷകനുമായിരുന്ന അഡ്വ. ചാക്കോ ജോർജ്ജ് നിര്യാതനായി. ദീർഘവർഷങ്ങൾ മണ്ഡലാംഗമായും, സഭയുടെ നിയമകാര്യ ഉപദേശക സമിതി ഉൾപ്പെടെ വിവിധ സമിതികളിൽ അംഗമായും അദ്ദേഹം ശ്രേഷ്ഠമായ ശുശ്രൂഷകൾ നിർവഹിച്ചു. കാലാകാലങ്ങളിൽ ഭരണഘടന പരിഷ്ക്കരിക്കുന്നതിലും സഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ ശരിയായ നിയമോപദേശം നല്കുന്നതിലും അദ്ദേഹം വഹിച്ചിട്ടുള്ള പങ്ക് വിലപ്പെട്ടതാണ്. ചെന്നൈ അണ്ണാനഗർ മാർത്തോമ്മാ ഇടവകാംഗവും പ്രമുഖ ഹൃദ്രോഗവിദഗ്ദനുമായ പത്മശ്രീ ഡോ. കെ. എ. ഏബ്രഹാം നിര്യാതനായി. റയിൽവേ സർവീസ് ഉൾപ്പെടെ വിവിധ ആതുരശുശ്രൂഷാ രംഗങ്ങളിൽ അദ്ദേഹം മികച്ച സേവനം

കാഴ്ചവെച്ചു. ശാസ്ത്ര സാങ്കേതിക രംഗത്തെ മികച്ച പ്രതിഭകൾക്ക് സഭ നല്കുന്ന മേല്പാടം ആറ്റുമാലിൽ ജോർജ്ജ്കുട്ടി മെറിറ്റ് അവാർഡ് 2017-ൽ ഡോ. കെ. എ. ഏബ്രഹാമിന് നല്കിയിട്ടുണ്ട്. ഇരുവരുടെയും കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും സഭയുടെ പേരിലുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

നവംബർ ഒന്നാം ഞായറാഴ്ച സഭാ വർഷത്തിൽ സഭയുടെ പുതുക്കത്തെ സൂചിപ്പിക്കുന്ന 'ഹൂദോസ് ഈത്തോ ഞായറായി' വേർതിരിച്ചിരിക്കുന്നു. അഖില ലോക സണ്ടേസ്കൂൾ ദിനമായി ആഘോഷിക്കുന്ന ഈ ദിവസത്തെ ധ്യാനവിഷയം 'പൈതങ്ങൾ ദൈവരാജ്യത്തിന്റെ അവകാശികൾ' (ലൂക്കോസ് 18:15-17) എന്നതാണ്. ശിശുക്കളുമായി എത്തുന്നവരെ ശാസിക്കുന്ന ശിഷ്യരുടെ പ്രവർത്തികളെ വിലക്കി, യേശു ശിശുക്കളെ ചേർത്ത് പിടിച്ച് അനുഗ്രഹിക്കുന്നതാണ് സംഭവം. ശിശുക്കളെ സ്വീകരിക്കുന്ന യേശു ദൈവരാജ്യത്തിന്റെ അനുഭവത്തെ വിശദീകരിക്കുന്നു. സ്വയം നീതീകരിക്കുന്ന പരീശനും ധനവാനായ പ്രമാണിയും ദൈവരാജ്യത്തിൽ നിന്നും അകലെയാണെന്നും, എന്നാൽ സമൂഹത്തിൽ സ്ഥാനവും അധികാരവുമില്ലാത്ത ശിശുക്കൾ ദൈവരാജ്യത്തിന്റെ യഥാർത്ഥ അവകാശികളാണെന്നും യേശു പഠിപ്പിക്കുന്നു. ശിശുക്കളോട് യേശു കരുണയോട് ഇടപെടുന്നു എന്നത് മാത്രമല്ല ഈ വേദഭാഗത്തിന്റെ കാതൽ. ദൈവരാജ്യത്തിന്റെ യഥാർത്ഥ അവകാശികൾ വെറും സാധാരണക്കാരാണ് എന്ന അത്ഭുതകരമായ വസ്തുത അസന്നിഗ്ധമായി കർത്താവ് ഇവിടെ പ്രസ്താവിക്കുന്നു. ദൈവരാജ്യത്തിന്റെ ഈ പുതിയ ക്രമം സ്വീകരിക്കുന്നതിലൂടെയാണ് സഭ പുതുക്കപ്പെടുന്നത്.

നവംബർ രണ്ടാം ഞായറാഴ്ച 'സെഖര്യാവിനോടുള്ള അറിയിപ്പ്' (ലൂക്കോസ് 1:5-23) സഭ ധ്യാനിക്കുന്നു. ക്രിസ്തുജനനത്തിന് മുന്നോടിയായി സംഭവിക്കുന്ന സദ്വാർത്തയുടെ അറിയിപ്പുകളിൽ ആദ്യത്തേതാണ് സെഖര്യാവിന് ലഭിക്കുന്നത്. യെരുശലേം ദേവാലയ കേന്ദ്രീകൃതമായ യഹൂദ ആരാധനയുടെയും ആത്മീയതയുടെയും ആഴമായ അനുഭവത്തിലാണ് സെഖര്യാവ് പുരോഹിതന് യോഹന്നാനെപ്പറ്റിയുള്ള ദൈവിക അറിയിപ്പ് ലഭിക്കുന്നത്. ഒരു ഭവനത്തിന്റെ പ്രാർത്ഥനകളുടെയും യാചനകളുടെയും ഉത്തരമായി മാത്രമല്ല, യഹൂദജനതയുടെ തന്നെ പ്രതീക്ഷകളുടെ ഉത്തരമാണ് യോഹന്നാൻ സ്നാപകൻ. സെഖര്യാവിന്റെയും എലിശബേത്തിന്റെയും ഭക്തിനിർഭരവും നീതിനിഷ്ഠവുമായ ജീവിതങ്ങളിലേക്ക് നൽകപ്പെടുന്ന യോഹന്നാൻ, യഹൂദസമൂഹത്തിന് തന്നെ ദൈവത്തിലേക്ക് തിരിയുവാനുള്ള സാധ്യതയാണ് നൽകുന്നത്. ദൈവാനുഭവത്തിലേക്ക് ഒരു ജനതയെ തിരിക്കുന്നതിലൂടെ യഥാർത്ഥ സന്തോഷത്തിലേക്കുള്ള പുതുവഴി യോഹന്നാന്റെ ജീവിതത്തിലൂടെയും ശുശ്രൂഷയിലൂടെയും സാധ്യമായിത്തീരും എന്നതാണ് അറിയിപ്പിന്റെ ഉള്ളടക്കം. ദൈവത്തിൽ നിന്നും മറുതലിച്ച് നിൽക്കുന്ന ജനത്തെ ജീവന്റെ അനുഭവത്തിലേക്കും യഥാർത്ഥ ഐക്യത്തിന്റെ അനുഭവത്തിലേക്കും നയിക്കുന്നതാണ് ദൈവിക അറിയിപ്പുകൾ.

നവംബർ മൂന്നാം ഞായറാഴ്ച സഭ 'കന്യകമറിയാമിനോടുള്ള അറിയിപ്പ്' (ലൂക്കോസ് 1 : 26-38) ധ്യാനിക്കുന്നു. യഹൂദസമൂഹത്തിന്റെ ഏറ്റവും സാധാരണമായ നിലയും അനുഭവവുമാണ് മറിയ എന്ന ഗ്രാമീണ കന്യകയുടെ ജീവിത പശ്ചാത്തലം വെളിവാക്കുന്നത്. യഹൂദസമൂഹം കാത്തിരുന്ന മ്ശിഹായുടെ ജനനത്തിന്റെ വാഹകയാകുവാൻ ദൈവം മറിയയെ തെരഞ്ഞെടുക്കുന്നു. സാധാരണക്കാരിയായ മറിയയിലൂടെ ദാവീദിന്റെ സിംഹാസനത്തിന്റെ പുനസ്ഥാപനം സംഭവിക്കുന്നു എന്നത് അത്ഭുതകരമാണ്. നിലവിലിരുന്ന ധാരണകൾക്കും പ്രതീക്ഷകൾക്കും വിഭിന്നമായ രീതിയിലാണ് ദൈവത്തിന്റെ പദ്ധതി പുരോഗമിക്കുന്നത്. തന്റെ സാഹചര്യത്തെ മാറ്റിമറിക്കുന്ന ദൈവിക നിയോഗത്തിന്റെ അപ്രതീക്ഷിത അനുഭവങ്ങളിലേക്ക് സമ്പൂർണ്ണമായി ഭരമേല്പിക്കുവാൻ കരുത്തുകാട്ടുന്ന കന്യകമറിയത്തിന്റെ സമർപ്പണം അസാധാരണമാണ്. കർത്താവിന്റെ ഇഷ്ടം പോലെ ഭവിക്കുവാൻ സ്വയം നൽകുന്നതിലൂടെയാണ് രക്ഷകന്റെ പിറവി സാധ്യമാകുന്നത്.

നവംബർ അവസാന ഞായറാഴ്ച 'എലീശബേത്തിന്റെ അടുക്കലേക്കുള്ള കന്യകമറിയാമിന്റെ യാത്ര സുവാർത്തയുടെ പങ്കുവെയ്ക്കൽ' (ലൂക്കോസ് 1: 39-45) എന്ന വിഷയം സഭ ധ്യാനിക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങളിൽ ലഭിക്കുന്ന ദൈവിക അറിയിപ്പുകൾ ഉറപ്പിക്കപ്പെടുന്നതും ആഘോഷിക്കപ്പെടുന്നതും എലീശബേത്തിന്റെയും മറിയയുടെയും കണ്ടുമുട്ടലിലാണ്. ചാർച്ചക്കാർ തമ്മിലുള്ള കണ്ടുമുട്ടലിന് ഉപരിയായി ദൈവികനിയോഗം ഭരമേല്പിക്കപ്പെടുവാനും തങ്ങളുടെ നിയോഗത്തിന്റെ ആഴമായ അർത്ഥതലങ്ങൾ തിരിച്ചറിയുവാനും ഇത് സഹായിക്കുന്നു. നിയോഗങ്ങൾ വ്യക്തിഗത അനുഭവങ്ങളിൽ പരിമിതപ്പെടുത്തേണ്ടതല്ല. അവ പങ്കിടപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യേണ്ടതാണ്. ദൈവിക നിയോഗപാതയിൽ നാം ഏകരല്ല. മറിയയുടെ വന്ദനസ്വരം കേട്ടപ്പോൾ എലിശബേത്തിന്റെ ഗർഭത്തിലുള്ള ശിശു ദൈവിക ആനന്ദത്തിൽ നിറയുകയാണ്. പരസ്പര സ്വീകരണത്തിന്റെയും ദൈവിക ആതിഥേയത്തിന്റെയും ഉദാത്തമായ അനുഭവമാണ് എലിശബേത്തിന്റെയും മറിയയുടെയും കണ്ടുമുട്ടലിൽ നാം ദർശിക്കുന്നത്. ദൈവിക സദ്വാർത്തയുടെ പങ്കുവെയ്ക്കൽ എപ്പോഴും ആനന്ദത്തിന്റെയും ആഘോഷത്തിന്റെയും അനുഭവങ്ങളാണ്. നമ്മുടെ കൂടിവരവുകളും ആത്മപ്രേരിതവും നിയോഗത്തിലുറപ്പിക്കുന്നതുമാകട്ടെ. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം..

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പൂലാത്തീൻ
26.10.2021